(സി) ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയും സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയും സർക്കാർ ഉത്തരവായിട്ടുണ്ട്. 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ഗവേണൻസിന്റെ മോണിറ്ററിംഗിനായി ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും ജില്ലാ ഐ.റ്റി. സെല്ലുകളും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഐ.റ്റി. സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി റവന്യൂ വകുപ്പിൽ വെർച്വൽ ഐ.റ്റി. കേഡറും രൂപീകരിച്ചിട്ടുണ്ട്.

മിനി സിവിൽ സ്റ്റേഷൻ

145 (1222) ശ്രീ. സി .കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഉദ്ഘാടനം ചെയ്ത മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾക്ക് മുറികൾ അനുവദിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഇറിഗേഷൻ സെക്ഷൻ, പയ്യന്നൂർ, എക്സൈസ് ഓഫീസ്, ലേബർ ഓഫീസ്, ലാന്റ് ട്രൈബ്യൂണൽ ഓഫീസ്, കൊമേഴ്സ്യൽ ടാക്സ് ഓഫീസ്, ഫുഡ് & സേഫ്റ്റി ഓഫീസ്, ശിശു വികസന ഓഫീസ്, റീ-സർവ്വേ ഓഫീസ്, അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വി.എച്ച്.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നീ ഓഫീസുകൾക്കുവേണ്ടി മുറികൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പൊതുമരാമത്ത് വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറി കിട്ടാത്തതുകൊണ്ടും വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ടുമാണ് കെട്ടിടം വിവിധ ഓഫീസുകൾക്ക് അനുവദിക്കുവാൻ കഴിയാത്തത്.

ഭൂമി പതിച്ചുനൽകൽ

146 (1223) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശംവച്ച് വരുന്നതായി അവകാശപ്പെട്ടുകൊണ്ട് ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പിന് ലഭിച്ച അപേക്ഷകൾ എത്ര ; ജില്ല തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ വകുപ്പ് എസ്.ആർ.ഒ നമ്പർ 436/2015 ആയി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം ഇപ്രകാരം ഭൂമി പതിച്ച് കിട്ടുന്നതിനർഹമായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ എപ്പോൾ ; ഇപ്രകാരം ലഭിച്ച അപേക്ഷകൾ എത്ര ;

(സി) സർക്കാർ ഭൂമി കൈവശം വച്ച് വരുന്നവർ ആകെ എത്രയാണ് ; എത്ര ഏക്കർ ഭൂമി സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശം വച്ചുവരുന്നു. ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭൂമി കയ്യേറ്റം

147 (1224) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയ്യേറ്റവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയ്യേറിയവരിൽ നിന്ന് തിരിച്ചു പിടിച്ച ഭൂമി സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി കയ്യേറ്റക്കാരിൽ നിന്ന് എത്ര ഏക്കർ ഭൂമി തിരിച്ച് പിടിച്ചിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)	തിരുവനന്തപുരം	07.13.07 ഹെക്ടർ
	കൊല്ലം	01.80.10 ഹെക്ടർ
	പത്തനംതിട്ട	5.85.55 ഹെക്ടർ
	ആലപ്പുഴ	3 ഹെക്ടർ 72 ആർസ് 46 ച.മീറ്റർ
	കോട്ടയം	3.22.1088 ഹെക്ടർ
	ഇടുക്കി	783.02 ഹെക്ടർ
	എറണാകുളം	0.3694 ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly